ഉത്തരം

(എ) ടെന്റർ ചെയ്തിട്ടുണ്ട്. 8-12-2004 ആണ്.

ശ്രീ. എസ്. സന്തോഷ്, കൃഷ്ണവിലാസം, ടി. സി. 16/775, ജഗതി, തിരുവനന്തപുരം ആണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ. പണി ആരംഭിച്ചിട്ടില്ല.

(ബി) മരാമത്ത് പണികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) —(ഇ) ടെന്റർ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. നടപടി പൂർത്തിയായാലുടൻ തന്നെ പണി ആരംഭിക്കുന്നതാണ്.

എം. ജി. റോഡിന്റെ ഭാഗം വീതി കൂട്ടുന്ന നടപടി

64 [646] *ശ്രീ. എ. കെ. മണി:*

„ *എം. മുരളി:*

„ *ഇ. എം. അഗസ്തി:*

„ *പി. ജെ. ജോയി:*

„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സ്റ്റാച്യു മുതൽ ഓവർബ്രിഡ്ജ് വരെയുള്ള എം. ജി. റോഡിന്റെ ഭാഗം വീതി കൂട്ടുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) എം. ജി. റോഡിന്റെ പ്രസ്തുത ഭാഗത്തുള്ള വികസനം എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഗവൺമെന്റ് ലക്ഷ്യം ഇട്ടിട്ടുള്ളത്;

(സി) പ്രസ്തുത സ്കീമുകൾ വിനാവിളംബം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

(ബി) 2006 മേയ് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ഈ പദ്ധതി തലസ്ഥാന മേഖലാ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു റോഡ് പ്രോജക്ടാണ്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/574/2012—15

LIBRARY ARCHIVES Kerala Legislative Assembly